"ഭരണഭാഷ മാതൃഭാഷ"

PF5(2)/28337/2023/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
വികാസ് ഭവൻ, തിരുവനന്തപുരം.
തിയതി: 23-07-2024

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - എയ്ഡഡ് കോളേജ് ജീവനക്കാരുടെ NRA/TA (രൂപാ 5 ലക്ഷത്തിനു മുകളിൽ) പൂർണമായും ഓൺലൈൻ ആയി സമർപ്പിക്കുന്നതിന് ഈ വകുപ്പിന് കീഴിലുള്ള എല്ലാ എയ്ഡഡ് കോളേജുകൾക്കും നിർദേശം നൽകുന്നത് സംബന്ധിച്ച്.

സൂചന:- 09-06-2024 തീയതിയിലെ ഈ ഓഫീസിലെ ഉത്തരവ്.

എയ്ഡഡ് കോളേജുകളിലെ ജീവനക്കാരുടെ NRA/ TA (രൂപാ 5 ലക്ഷത്തിനു മുകളിൽ) അപേക്ഷകളിലെ തുടർ നടപടിക്രമങ്ങൾ ലഘൂകരിച്ച്, NRA തുക അതിവേഗം അനുവദിച്ച് നല്കുന്നതിനായി നിലവിലെ നടപടി ക്രമങ്ങളിൽ മാറ്റം വരുത്തി കൊണ്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

എല്ലാ എയ്ഡഡ് കോളേജിൽ നിന്നും ഗെയിൻ പി എഫ് സോഫ്റ്റ്‌വെയർ വഴി NRA/ TA (രൂപാ 5 ലക്ഷത്തിനു മുകളിൽ) അപേക്ഷകൾ ഓൺലൈനായും, പ്രസ്തുത അപേക്ഷയുടെ ഹാർഡ് കോപ്പി അനുബന്ധ രേഖകൾ ഉൾപ്പെടെ ഈ കാര്യാലയത്തിലേക്ക് സമർപ്പിക്കുന്ന രീതിയാണ് നിലവിലുള്ളത്. മേൽപറഞ്ഞ രീതിയിൽ ഹാർഡ് കോപ്പി അപേക്ഷ ഈ കാര്യാലയത്തിൽ ലഭിക്കുന്നതിനു കാലതാമസം ഉണ്ടാകുന്നു. ഈ കാലതാമസം ഒഴിവാക്കുന്നതിനായി NRA / TA (രൂപാ 5 ലക്ഷത്തിനു മുകളിൽ) അപേക്ഷകൾ ഗെയിൻ

പി എഫ് സോഫ്റ്റ്‌വെയർ വഴി ഓൺലൈൻ ആയി മാത്രം അപേക്ഷിക്കുന്ന തരത്തിൽ നടപടി ക്രമങ്ങളിൽ മാറ്റം വരുത്തുന്നു.

**ഓൺലൈനായി മാത്രം NRA/ TA (രൂപാ 5 ലക്ഷത്തിനു മുകളിൽ) അപേക്ഷ സമർപ്പിക്കുമ്പോൾ കോളേജ് തലത്തിൽ പാലിക്കേണ്ടുന്ന നടപടിക്രമങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.**

A). അപേക്ഷകന്റെ PERSONAL DETAILS പരിശോധിച്ച് റിട്ടയർമെന്റ് തീയതി ഒരു വർഷത്തിൽ കുറവായ അപേക്ഷകൾ തിരികെ നൽകി പി .എഫ് ക്ലോഷർ അപേക്ഷ സമർപ്പിക്കുവാൻ നിർദ്ദേശം നൽകേണ്ടതാണ്.

ABCD സ്റ്റേറ്റ്മെൻറ്

B). സബ്സ്ക്രിപ്ഷൻ & റീഫണ്ട് (Statement of deposit and Withdrawals for the period after the last Credit Card)

1.ABCD സ്റ്റേമെന്റിലെ A ഭാഗം പരിശോധിച്ച് പ്രതിമാസ പി.എഫ് സബ്സ്ക്രിപ്ഷനും, ലോൺ റീപേയ്മെന്റ് എന്നിവ മുടക്കം കൂടാതെ കൃത്യമായി ഒടുക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കണം. കൃത്യമായി ഒടുക്കിയിട്ടില്ലെങ്കിൽ Remarks ൽ രേഖപ്പെടുത്തണം .

2.FIP deputation/ ലീവ് / സസ്പെൻഷൻ പോലുള്ള കാലയളവിലുള്ള പ്രതിമാസ പി.എഫ് മുടക്കമാണെങ്കിൽ അത് വ്യക്തമാക്കുന്ന ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട സെക്ഷനിൽ mail ചെയ്യണം. Mail ചെയ്ത തീയതി കൂടി വ്യക്തമാക്കി Gain PF ന്റെ Remarks ൽ മുടക്കം വന്നതിന്റെ കാരണം ഉൾപ്പടെ രേഖപ്പെടുത്തണം.

3.സബ്സ്ക്രിപ്ഷൻ കോളത്തിൽ അസ്വഭാവികമായി ഉൾപ്പെട്ടു വരുന്ന തുകകൾ ഉണ്ടെങ്കിൽ അതിനെ സംബന്ധിക്കുന്ന വിവരം Remarks ൽ രേഖപ്പെടുത്തണം.

4.സബ്സ്ക്രിഷൻ കോളത്തിൽ അരിയർ തുകകൾ വന്നിട്ടുണ്ടെങ്കിൽ

GO (P) No, തീയതി, എൻകാഷ്മെന്റ്, തീയതി എന്നിവ കൃത്യമായി രേഖപ്പെടുത്തിയ പി എഫ് ഷെഡ്യൂളിന്റെ പകർപ്പ് ഇമെയിൽ ചെയ്യുകയും ആ വിവരം GAIN PF ന്റെ ഓൺലൈൻ Remarks ൽ ഇമെയിൽ തീയതി ഉൾപ്പടെ രേഖപ്പെടുത്തുകയും വേണം.

5.മേൽപറഞ്ഞ തുകകളിൽ ഒരു വ്യത്യാസവും ഇല്ലെങ്കിൽ PF Subscription & Repayment are verified and found correct എന്ന് Remarks ൽ രേഖപ്പെടുത്തണം.

C).<u>Challan entry (Statement of Challan for the period after last credit card)</u>

1.ചലാൻ സ്റ്റേറ്റ്മെന്റിലുള്ള തുകകൾ ഉൾപ്പെടെ NRA ആവശ്യപ്പെടുമ്പോൾ ചലാൻ തുക Rs.10,000/- രൂപയിൽ കൂടുതലാണെങ്കിൽ ബന്ധപെട്ട ഡെപ്യൂട്ടി ഡയറക്ടർ കൗണ്ടർ സൈൻ ചെയ്ത പി എഫ് ഷെഡ്യൂൾ നൽകണം.

2.ഈ പി എഫ് ഷെഡ്യൂളിൽ GO (P) No, തീയതി, എൻകാഷ്മെന്റ്, തീയതി എന്നിവ കൃത്യമായിരേഖപ്പെടുത്തി നൽകണം.

3.ടി വിവരം GAIN PF ഓൺലൈൻ അപേക്ഷയിലെ Remarks ൽ രേഖപ്പെടുത്തണം.

4.ചലാൻ എൻട്രി വരുത്തിയ അരിയർ തുക പിന്നീട് സ്പാർക് വഴി ഗെയിൻ പി എഫ് ൽ അരിയർ കോളത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ലെന്നും തുക ഡ്യൂപ്ലിക്കേഷൻ വന്നിട്ടില്ലെന്നും പരിശോധിച്ച് ഉറപ്പാക്കണം.

5. All challan entry arrears included in the eligible NRA amount are verified with college records and found correct, and the arrear amount has no duplication എന്ന് ഗെയിൻ പി.എഫിലെ ഓൺലൈൻ Remarks ൽ രേഖപ്പെടുത്തണം.

D). <u>Arrear (Details of DA/PAY Revision Arrears Credited after</u>

Last Credit Card)

1.അരിയർ തുകയുടെ GO (P) നമ്പർ  പരിശോധിച്ച്, withdrawal തീയതി ഉൾപ്പെടെ ഉറപ്പാക്കണം. ഇവ കൃത്യമല്ലെങ്കിൽ Remarks ൽ രേഖപ്പെടുത്തണം.

2 All arrear amount with withdrawal Permission date GO (P) no and encashment date were verified with the college records and found correct". എന്ന് ഗെയിൻ പി.എഫിലെ  ഓൺലൈൻ Remarks ൽ രേഖപ്പെടുത്തുക.

E). Withdrawals (Details of withdrawals made after last Credit Card)

1.ലോൺ തുകകൾ എല്ലാം തന്നെ ഓൺലൈൻ അപേക്ഷയിൽ കുറവ് വന്നിട്ടുണ്ടോ എന്ന് ഉറപ്പാക്കണം.

2.ലോൺ റീ പേയ്മെന്റ് ആരംഭിച്ചതിന്റെ  അടിസ്ഥാനത്തിൽ TA തുക കുറവായിട്ടുണ്ടോ എന്ന് ഉറപ്പാക്കണം

3."Verified NRA Amounts with the college records and all sanctioned NRA and TA were deducted in the online application" എന്ന് Remarks ൽ രേഖപ്പെടുത്തണം .

F)OPENING BALANCE

1.OPENING BALANCE (OB) പരിശോധിക്കേണ്ടതാണ്. OB ഇല്ലാത്ത (OB '0') ആയിട്ടുള്ള ജീവനക്കാരുടെ PF സബ്സ്ക്രിപ്ഷൻ സ്റ്റാർട്ട് ചെയ്ത തീയതി Remarks ൽ രേഖപ്പെടുത്തണം.

2.OB (OB '0') ആയിട്ടുള്ള ജീവനക്കാരുടെ സബ്സ്ക്രിപ്ഷൻ അരിയർ പിടിച്ചിട്ടുണ്ടോ എന്നു പരിശോധിച്ച ഡീറ്റെയിൽസ് Remarks ൽ രേഖപ്പെടുത്തണം.

3.SCRUTINY LEVEL, VERIFICATION LEVEL, APPROVAL LEVEL

എന്നീ മൂന്ന് തലങ്ങൾ കൈകാര്യം ചെയ്യുന്ന കോളേജിലെ ഉദ്യോഗസ്ഥർ ഓൺലൈൻ NRA/TA (രൂപാ 5 ലക്ഷത്തിനു മുകളിൽ) അപേക്ഷ പരിശോധിക്കേണ്ടതും SCRUTINY ലെവലിലും VERIFICATION ലെവലിലും മേൽപറഞ്ഞ Remarks കൾ വ്യക്തമായി രേഖപെടുത്തി NRA/TA (രൂപാ 5 ലക്ഷത്തിനു മുകളിൽ) അപേക്ഷ അപ്പ്രൂവലിനായി ഈ കാര്യാലയത്തിലേക്കു ഗെയിൻ പി എഫ് സോഫ്റ്റ് വെയർ വഴി മാത്രം ഓൺലൈനായി സമർപ്പിക്കേണ്ടതുമാണ്.

4.മേൽ പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കാതെ സമർപ്പിക്കുന്ന NRA / TA (രൂപാ 5 ലക്ഷത്തിനു മുകളിൽ) അപേക്ഷ ഓൺലൈൻ ആയി റിജക്ട് ചെയ്യുന്നതാണ്.

5.റിജക്ട് ചെയ്യപ്പെടുന്ന അപേക്ഷകൾ അപേക്ഷകന്റെ Personal login ID യിലേക്ക് തിരികെ പോകുമെന്നതിനാലും കൂടാതെ NRA / TA (5 ലക്ഷ ത്തിനു മുകളിൽ) അപേക്ഷ പുതിയതായി സമർപ്പിക്കേണ്ടി വരും എന്നതിനാലും മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് മാത്രം കോളേജിൽ നിന്നും NRA / TA (5 ലക്ഷത്തിനു മുകളിൽ) ഓൺലൈൻ അപേക്ഷകൾ അപ്പ്രൂവലിനായി സമർപ്പിക്കുവാൻ നിർദേശിക്കുന്നു.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ഉടൻ പ്രാബല്യത്തിൽ വരുത്തുന്നതിന് എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാരെയും ചുമതലപെടുത്തുന്നു.

Signed by
Sudhir K
Date: 23-07-2024 23:10:52

സുധിർ കെ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:- 1. എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാർക്കും

2.കോ. വി .വ .ഡെപ്യൂട്ടി ഡയറക്ടർ കൊല്ലം
3.കോ .വി. വ .ഡെപ്യൂട്ടി ഡയറക്ടർ കോട്ടയം
4.കോ .വി .വ .ഡെപ്യൂട്ടി ഡയറക്ടർ എറണാകുളം

5.കോ .വി. വ .ഡെപ്യൂട്ടി ഡയറക്ടർ തൃശ്ശൂർ
6.കോ .വി .വ .ഡെപ്യൂട്ടി ഡയറക്ടർ കോഴിക്കോട്
7.CA TO DCE
8.CA TO ADCE
9.CA TO SENIOR ADMINISTRATIVE OFFICER
10.CA TO DEPUTY DIRECTOR.
11.CA TO SENIOR FINANCE OFFICER
12.SENIOR ADMINISTRATIVE ASSISTANT
13.ACCOUNTS OFFICER (PF)
14.ALL PF SECTION SUPERINTENDENT
15.SYSTEM MANAGER (for publishing website)
16. സ്റ്റോക്ക് ഫയൽ